ത്തിൽ വിസ്തരിച്ചും ചിത്രങ്ങളോടെയും പ്രതിപാദിച്ചാലും തരക്കേടൊന്നുമില്ല. ആവശ്യമുള്ളവർ അതു വാങ്ങുകയും, ഏകാന്തതകളിൽവെച്ച് അതു വായിക്കുകയും, വായിച്ച ശേഷം അതു ഭദ്രമായി സൂക്ഷിച്ചുവെക്കുകയും ചെയ്യും. എന്നാൽ, ആനുകാലികങ്ങളുടെ ഉപയോഗം ആ വിധത്തിലല്ല. അവ വീടുകളിലെ സ്വീകരണമുറികളിൽ ആർക്കും കാണത്തക്കവിധം വെക്കപ്പെടും. അവിടെ മുതിർന്നവരും കുട്ടികളും, വീട്ടുകാരും അതിഥികളും, എല്ലാം അവ എടുത്ത് മറിച്ചു നോക്കുകയും ചെയ്യും. കുട്ടികളിൽനിന്നു മറച്ചു വെയ്ക്കേണ്ട ഒരു പുസ്തകം വാങ്ങി വീട്ടിൽ കൊണ്ടുപോകാൻ മടിക്കാത്ത മാതാപിതാക്കഠംതന്നെ, അവരിൽനിന്ന് ഒളിപ്പിക്കേണ്ട ഒരാനുകാലികം തുടർച്ചയായി വാങ്ങി വീട്ടിൽ കൊണ്ടുപോകാൻ ഇഷ്ടപ്പെടുകയില്ല. ചുരുക്കത്തിൽ, മാമൂൽവിലംഘനത്തിൻെറ കാര്യത്തിൽ ആനുകാലികപ്രവർത്തകന്മാർ തങ്ങളുടെ ഔചിത്യബോധത്തെ പരമാവധി ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു. ഈ വിഷയത്തിൽ മിതത്വവും സംയമവും പാലിക്കുന്നത് ഒരിക്കലും അസ്ഥാനത്തായിരിക്കയില്ല. പ്രസിദ്ധ അമേരിക്കൻ സാഹിത്യകാരനായ എഡ്ഗാർ അല്ലൻപോ പത്തൊമ്പതാം നൂററാണ്ടിൽ അമേരിക്കയിലെ മാസികകളെപ്പററി പറഞ്ഞതു് ഇന്നത്തെ ഇന്ത്യയിലെ ആനുകാലികങ്ങളെപ്പററിയും പ്രസക്തമാണ്. അല്ലൻപോ അന്ന് എഴുതി:

'നമ്മുടെ മാസികാസാഹിത്യം അത്യന്തം മോശമായ ഒരു സ്വാധീനമാണ് ഉളവാക്കുന്നതെന്ന വസ്തുത ആർക്കു നിഷേധിക്കാനാവും? യുവമനസ്സുകഠംക്ക് ശിക്ഷണം നല്കുന്നതിനു പകരം അവയെ കിലുക്കാംപെട്ടി കിലുക്കി രസിപ്പിക്കുകയും വൈക്കോലിഴകൊണ്ടു കിക്കിളിപ്പെടുത്തുകയും ചെയ്യുന്ന ആയിരക്കണക്കിനു ലേഖനങ്ങളാണ് മാസികകളിൽ പ്രസിദ്ധീകരിക്കപ്പെടുന്നതു്. ഭദ്രമായ സദാചാരബോധം ഉളവാക്കുന്നതിൻെറ സ്ഥാനത്തു് ഈ മാസികകഠം വിലപിടിച്ച എന്തിനെയും സംബന്ധിച്ച അവഗണന യുവമനസ്സുകളിൽ വളർത്തുന്നു. ദരിദ്രർക്കു തങ്ങളുടെ സ്ഥിതിയിൽ തൃപ്തിയുളവാക്കുന്നതിനു പകരം അവ ഫാഷൻെറയും പണക്കൊഴുപ്പിൻെറയും സുഖഭോഗങ്ങളെ പാടിപ്പുകഴ്ത്തുകയും, തങ്ങഠംക്കുണ്ടെന്നു സങ്കല്പിക്കപ്പെടുന്ന ചില അഭാവങ്ങളെച്ചൊല്ലിയുള്ള കഠിനവേദന അനേകായിരം ഹൃദയങ്ങളിൽ കത്തിയാളിക്കുകയും ചെയ്യുന്നു. ഇത്തരം സാഹിത്യം ഒരു ജനദ്രോഹമല്ലയോ? ഈ സാഹിത്യത്തിൻെറ പ്രവണത ദുഷിച്ചതാണെന്നു വിശ്വസിക്കുന്ന ഓരോ വ്യക്തിയും, അത്തരം സാഹിത്യം പ്രസിദ്ധപ്പെടുത്തുന്ന മാസികകഠം വാങ്ങാതിരിക്കുകയാണു ചെയ്യേണ്ടതു്.

11 ആഗസ്റ്റ്, 1978

## 57. അശ്ലീലസാഹിത്യം തടയാൻ

അശ്ലീലസാഹിത്യത്തിൻെറ പ്രചാരം തടയുന്നതിനുള്ള ഒരു പ്രസ്ഥാനം കേരളത്തിലെ ഏതാനും വിദ്യാർത്ഥിസംഘടനകഠം ആരംഭിച്ചിട്ടുള്ളതായി കാണുന്നു. ഗൗരവബുദ്ധിയോടെയാണ് ഈ പ്രവർത്തനത്തിലേർപ്പെട്ടിട്ടുള്ളതെങ്കിലും, അശ്ലീലപ്രചാരണം ഫലപ്രദമാംവിധം നിരോധിക്കണമെന്ന് ആഗ്രഹിക്കുന്നുണ്ടെങ്കിലും, ഈ വിഷയത്തെ സംബന്ധിച്ച ചില അടിസ്ഥാനവസ്തുതകഠം അവർ അറിഞ്ഞിരിക്കണം.

ഒന്നാമതായി, അശ്ലീലമെന്നാൽ എന്താണ്?

രണ്ടാമത്തു്, അശ്ലീലപ്രചാരണം തടയുന്നതിനു് നമ്മുടെ നാട്ടിൽ ലഭ്യമായ നിയമാനുസൃത മാർഗങ്ങഠം എവ?

പാർലമെൻററ് പാസ്സാക്കിയ ഒരു നിയമമനുസരിച്ചു് സ്ഥാപിക്കപ്പെട്ട സംഘടനയാണു് പ്രസ്സു് കൗൺസിൽ ഓഫു് ഇന്ത്യ (ഫരീദ്കോട്ടു് ഹൗസ്, കോപ്പർനിക്കസ് മാർഗ്, ന്യൂദൽഹി). പത്രപ്രവർത്തകർ ഉയർന്ന സദാചാരമൂല്യങ്ങഠം പാലിക്കുന്നുണ്ടെന്നു് ഉറപ്പുവരുത്തേണ്ടതു് പ്രസ്സു് കൗൺസിലിൻെറ ചുമതലയാണു്. ഏതെങ്കിലുമൊരു ആനുകാലികം അശ്ലീലങ്ങളായ ലേഖനങ്ങളോ ചിത്രങ്ങളോ പ്രസിദ്ധീകരിച്ചിട്ടുള്ളതായി ആക്ഷേപമുള്ള ഒരാഠം ആദ്യമായി ചെയ്യേണ്ടതു് തൻെറ ആക്ഷേപം വിശദമായി എഴുതി, അതിനാധാരമായ രേഖകളടക്കം പ്രസ്സ്കൗൺസിൽ ചെയർമാനു് അയയ്ക്കുകയാണു്. പ്രസ്സു് കൗൺസിൽ ഈ ആക്ഷേപത്തെപ്പററി പര്യാലോചിക്കുകയും, ആക്ഷേപം ശരിയാണെന്നു തെളിയുന്നപക്ഷം പത്രാധിപരെ ശാസിക്കുകയും ചെയ്യും.

അശ്ലീലസാഹിത്യം പ്രസിദ്ധീകരിച്ചതായുള്ള ഒരു ആരോപണം 1979–80–ൽ പ്രസ്സു് കൗൺസിൽ പര്യാലോചിക്കുകയുണ്ടായി. ഇതിൻെറ വിവരങ്ങഠം അറിയുന്നതു് ഈ വിഷയത്തിൽ താല്പര്യമുള്ളവർക്കു പ്രയോജനകരമായിരിക്കും.

ശ്രീ പമ്മൻ എഴുതിയ 'ഭ്രാന്തു്' എന്ന നോവൽ 'മലയാളനാടു്' വാരികയിൽ തുടർച്ചയായി പ്രസിദ്ധപ്പെടുത്തുകയുണ്ടായല്ലോ. ഭാവനാതീതമാംവിധം വലിച്ചു നീട്ടിയ ആഭാസത്വം' പ്രദർശിപ്പിക്കുന്നതും 'വൃത്തികെട്ട'തുമായ ഒരു കഥയാണു് അതെന്നും പത്രപ്രവർത്തന സദാചാരത്തിൻെറ നിലവാരങ്ങഠംക്കു് അതു തീരെ നിരക്കുന്നതല്ലെന്നും, ഇക്കാരണങ്ങളാൽ അതിൻെറ പ്രസിദ്ധീകരണം പ്രതിഷേധാർഹമാണെന്നും കാണിച്ചു് ഒരാക്ഷേപം 1979 ആഗസ്റ്റിൽ ശ്രീമതി ഇന്ദിരാ സദാനന്ദൻ ഇന്ത്യൻ പ്രസ്സ്കൗൺസിലിനു സമർപ്പിച്ചു.

പ്രസ്സു് കൗൺസിൽ ഈ ആക്ഷേപത്തിൻെറ പകർപ്പു് 'മലയാളനാടു്' പത്രാധിപർക്കയയ്ക്കുകയും, അദ്ദേഹത്തോടു് പ്രാഥമിക വിശദീകരണങ്ങളാവശ്യപ്പെടുകയും ചെയ്തു. ഈ നോവൽ പ്രസിദ്ധീകരിച്ചതിനു് മുഖ്യമായും രണ്ടു നീതീകരണങ്ങളാണു് പത്രാധിപർ ഉന്നയിച്ചതു്. ഒന്നാമതു് നോവലെഴുതിയ ശ്രീ പമ്മൻ പ്രശസ്തനായ ഒരു സാഹിത്യകാരനാണു്. അദ്ദേഹത്തിനും വായനക്കാർക്കുമിടയിൽ ഒരു മാദ്ധ്യമമായി നിലകൊള്ളുകയേ, 'മലയാളനാടു്' ചെയ്തിട്ടുള്ളു. രണ്ടാമതു്, ഈ നോവൽ പ്രസിദ്ധീകരിക്കുന്നതിനെതിരെ ഉത്തരവാദപ്പെട്ട സാഹിത്യ–സാംസ്കാരിക സംഘടനകളൊന്നും ശബ്ദം ഉയർത്തിയിട്ടില്ല. നോവൽ പ്രസിദ്ധീകരിച്ചുതീർന്നതിനു ശേഷമാണു് അതിനെതിരെ പ്രസ്സു് കൗൺസിലിനു മുമ്പിൽ ആക്ഷേപം ഉന്നയിക്കപ്പെട്ടിട്ടുള്ളതെന്നും, ഈ വസ്തുതതന്നെ നോവലിൻെറ ജനപ്രിയത്വത്തിനു് സാക്ഷ്യം വഹിക്കുന്നുവെന്നുംകൂടി പത്രാധിപർ ബോധിപ്പിച്ചിരുന്നു.

പത്രാധിപരുടെ ഈ സമാധാനം ആക്ഷേപക്കാരിക്കു് പ്രസ്സു് കൗൺസിൽ അയച്ചുകൊടുത്തു. ഇതിൻെറ വെളിച്ചത്തിൽ, ആക്ഷേപത്തെപ്പററി വിചാരണ തുടരുവാൻ അവർ ആഗ്രഹിക്കുന്നുണ്ടോ എന്നു് ആരായുകയും ചെയ്തു. ശ്രീമതി ഇന്ദിരാ സദാനന്ദൻ ഇതിനു് വിചാരണ വേണമെന്നോ വേണ്ടെന്നോ മറുപടി നൽകിയില്ല. 'നിങ്ങളുടെ ഇഷ്ടമെന്തോ അതു ചെയ്തുകൊള്ളൂ' എന്നതായിരുന്നു അവരുടെ നിലപാടു്.

എന്നിട്ടും, അശ്ലീലപ്രചാരണമെന്നതു് ഗൗരവാവഹമായ ഒരു ആരോപണമാകയാൽ, വിചാരണ തുടരുവാൻതന്നെ പ്രസ്സു് കൗൺസിൽ തീരുമാനിച്ചു; പത്രത്തിനെതിരെ നടപടിയെടുക്കാതിരിക്കാൻ കാരണം ബോ

ധിപ്പിക്കണമെന്ന് പത്രാധിപർക്ക് നോട്ടീസ് അയയ്ക്കുകയും ചെയ്തു. പത്രാധിപർ തന്റെ മുൻ വിശദീകരണത്തിൽ ഉറച്ചുനില്ക്കുകയാണുണ്ടായത്. തുടർന്നു നടന്ന വിചാരണയിൽ ആക്ഷേപക്കാരിയോ പത്രാധിപരോ സന്നിഹിതരായില്ല.

ആരോപണവിധേയമായ നോവൽ അശ്ലീലമാണോ എന്നും, അതു പ്രസിദ്ധീകരിച്ചതുവഴി പത്രാധിപർ പൊതുജനാഭിരുചിയുടെ നിലവാരം പുലർത്തുന്നതിൽ പരാജയപ്പെട്ടിട്ടുണ്ടോ എന്നുമാണ് പ്രസ്സ് കൗൺസിലിനു് പരിശോധിക്കാനുണ്ടായിരുന്നതു്.

പ്രധാനമായും പ്രത്യുല്പാദനം, വിസർജനം എന്നിവയോടു ബന്ധപ്പെട്ട അവയവങ്ങളും പ്രക്രിയകളുമാണ് അശ്ലീലമായി കരുതപ്പെട്ടുവരുന്നതു്. സാഹിത്യം, ചിത്രകല, ശില്പകല എന്നിവയിൽ പ്രത്യുല്പാദനം സംബന്ധിച്ച പ്രതിപാദനവും ചിത്രണവും ഏതു കാലത്തും പരസ്പരവിരുദ്ധങ്ങളായ രണ്ടു നിലപാടുകളിൽ നിന്ന് വീക്ഷിക്കപ്പെട്ടിരുന്നു. ഒരേ ലിംഗത്തിൽപ്പെട്ടവരോ വിഭിന്ന ലിംഗങ്ങളിൽപ്പെട്ടവരോ ആയ മനുഷ്യർ തമ്മിലുള്ള ഇണചേരലിന്റെ പ്രതിപാദനത്തിനും ചിത്രണത്തിനും ഒരു കൂട്ടർ തികച്ചും എതിരായിരുന്നു; പക്ഷേ, സാധാരണ മനുഷ്യജീവിതത്തിന്റെ ഭാഗമായ ലൈംഗികകാര്യങ്ങളുടെ പ്രതിപാദനവും ചിത്രണവും വർജ്യമല്ലെന്ന് മറ്റൊരു കൂട്ടർ സിദ്ധാന്തിച്ചുവന്നു.

ഡി. എച്ച്. ലോറൻസിന്റെ 'ലേഡി ചാറ്റർലിയുടെ കാമുകൻ' എന്ന പുസ്തകം അശ്ലീലമാണോ എന്നു പര്യാലോചിച്ച ഇന്ത്യയിലെ സുപ്രീംകോർട്ട് 1965-ൽ സുപ്രധാനമായ ഒരു വിധി പ്രസ്താവിച്ചിട്ടുണ്ട്. കലയിലും സാഹിത്യത്തിലും നഗ്നതയുടെയോ ലൈംഗികകാര്യങ്ങളുടെയോ ചിത്രണമോ പ്രതിപാദനമോ എവിടെയെങ്കിലും ഉണ്ടെന്നതുകൊണ്ടു മാത്രം അതു് അശ്ലീലമായിക്കൊള്ളണമെന്നില്ല. തർക്കവിഷയമായ കൃതിയെ സമഗ്രമായി എടുത്തു വേണം അതു് അശ്ലീലമാണോ എന്നു നിശ്ചയിക്കുവാൻ. അശ്ലീലമെന്നു കരുതപ്പെടുന്ന ഭാഗം ഉൾക്കൊള്ളുന്ന പുസ്തകം വായിക്കാനും തന്മൂലം ലൈംഗികസ്വാധീനശക്തികൾക്ക് വശപ്പെടാനും ഇടയുള്ളവരുടെ മനസ്സുകളെ സദാചാരപരമായി ദുഷിപ്പിക്കുമാറു് അതിലെ പ്രതിപാദനം സ്ഥൂലവും അശ്ലീലത പ്രകടവുമാണോ എന്നു് പരിശോധിക്കണം. സമകാലസമൂഹത്തിന്റെ താല്പര്യവും, തർക്കവിഷയമായ പുസ്തകത്തിനു് ആ സമൂഹത്തിലുള്ള സ്വാധീനശക്തിയും പരിഗണിക്കണം. 'അശ്ലീലതയും കലയും തമ്മിൽ കലർന്നാണു കിടക്കുന്നതു്. ഒന്നുകിൽ, അശ്ലീലതയെ നിഴലിലാക്കുമാറു് കലയ്ക്കു് മുൻതൂക്കം വേണം; അല്ലെങ്കിൽ, അവഗണിക്കത്തക്കവിധം നിസ്സാരവും നിഷ്പ്രഭവുമാവണം അശ്ലീലത.' മറ്റൊരു വിധത്തിൽ പറഞ്ഞാൽ, നമ്മുടെ ദേശീയ നിലവാരമനുസരിച്ചു്, മാന്യതയേയും സദാചാരത്തേയും സംബന്ധിച്ച പൊതു ധാരണകൾക്കു നിരക്കാത്ത വിധത്തിലാവരുതു് ലൈംഗികതയുടെ പ്രതിപാദനം. അതു് കാമോദ്ദീപകമോ, നീചധാരണകളടങ്ങിയതോ, കൗമാരലൈംഗികഭാവനയെ പ്രചോദിപ്പിക്കുന്നതോ ആവരുതു്.

ഒരു കൃതി വായനക്കാരനിലുളവാക്കുന്ന മൊത്തം ധാരണയെ കണക്കാക്കി വേണം അശ്ലീലത നിർണയിക്കാനെന്നു് ഇന്ത്യൻ പ്രസ്സ് കൗൺസിൽ മുമ്പ് ഒരിക്കൽ പ്രസ്താവിച്ചിട്ടുണ്ട്. പൊതുജനാഭിരുചി നിർവചിക്കുക പ്രയാസമാണെങ്കിലും, 'നല്ല രുചിക്കു് എതിരായതെന്തെന്നു് തീരുമാനിക്കാൻ പത്രാധിപർക്കു കഴിയും. മാന്യതയ്ക്കോ (decency) ഔചിത്യത്തിനോ (propriety) എതിരായതൊന്നും പത്രാധിപർ പ്രസിദ്ധീകരിച്ചുകൂടാ. ലൈംഗികവികാരത്തെ ഉത്തേജിപ്പിക്കുന്ന പ്രവണതയുള്ള ഒരു കൃതി സാമാന്യ വായനക്കാരെ ഉദ്ദേശിച്ചുള്ള ഒരു പ്രസിദ്ധീകരണത്തിൽ

ചേർക്കുന്നത് അഭിലഷണീയമല്ല. ലൈംഗികതയെ ചൂഷണം ചെയ്യുന്നത് 'നല്ല രുചി'യ്ക്കെതിരാണ്. ഒരു ചിത്രമോ ലേഖനമോ, പൊതുജനരുചി സംബന്ധിച്ച നിലവാരങ്ങൾക്ക താഴെയാണോ എന്ന് തീരുമാനിക്കുമ്പോൾ, പരിസ്ഥിതി, സമകാലസമൂഹത്തിന്റെ സദാചാര ധാരണകൾ മുതലായവകൂടി കണക്കിലെടുക്കണം.

ശ്രീ പമ്മന്റെ നോവലിൽ സ്ത്രീയും പുരുഷനും തമ്മിലുള്ള ലൈംഗികവേഴ്ചയുടെ വിശദവിവരണങ്ങളുണ്ടെന്ന് പ്രസ്സ് കൗൺസിൽ പ്രസ്താവിച്ചു. എങ്കിലും 'തെറി' വാക്കുകളില്ല. അശ്ലീലം, ജുഗുപ്സാവഹം, നീചം എന്നൊന്നും വിവരിക്കത്തക്കതല്ല അതിലെ രംഗവർണ്ണനയും ഭാഷാപ്രയോഗവും. വായിക്കുന്നവരെ ദുഷിപ്പിക്കുമാറ് സ്ഥൂലമോ ആഭാസമോ അല്ല പ്രതിപാദ്യം. മാത്രമല്ല, ആക്ഷേപക്കാരി ആ നോവലിലെ ഒരു അദ്ധ്യായത്തെക്കുറിച്ചു മാത്രമേ ആരോപണം ഉന്നയിച്ചിട്ടുള്ളു. നോവലിന്റെ പ്രമേയത്തെപ്പററി അവർ ഒന്നും പറഞ്ഞിട്ടില്ല. വായനക്കാരുടെ മനസ്സിനെ ഈ നോവൽ ദുഷിപ്പിക്കുമെന്നും, വാരിക വായിക്കുന്നവരിൽ അതു് ലൈംഗികവികാരം ഉത്തേജിപ്പിക്കുമെന്നും ആക്ഷേപക്കാരി തെളിയിച്ചിട്ടുമില്ല.

അതേസമയം, പ്രസിദ്ധനായ ഒരു ലേഖകനും വായനക്കാർക്കുമിടയിൽ മാധ്യമമായി വർത്തിക്കുകയേ തന്റെ പത്രം ചെയ്തിട്ടുള്ള എന്ന പത്രാധിപരുടെ വാദം പ്രസ്സ് കൗൺസിൽ സ്വീകരിച്ചില്ല. പ്രസിദ്ധീകരിച്ച മാററർ അശ്ലീലമാണോ എന്നേ നോക്കേണ്ടു. ലേഖകന്റെ പ്രശസ്തി ഇവിടെ ഒരു പ്രശ്നമല്ല. അതേസമയം, ഉത്തരവാദിത്തമുള്ള സംഘടനകൾ ഈ നോവലിന്റെ പ്രസിദ്ധീകരണത്തിനെതിരെ ശബ്ദമുയർത്തിയിട്ടില്ലെന്ന പത്രാധിപരുടെ വാദത്തിൽ കഴമ്പുണ്ട്. നോവൽ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കേ ആക്ഷേപം ഉയർന്നില്ലെന്ന വാദത്തിനും കുറെയൊക്കെ സാധ്യതയില്ലായ്കയില്ല.

പാശ്ചാത്യസംസ്കാരത്തിന്റെ സ്വാധീനംമൂലംകൊണ്ട് നമ്മുടെ പ്രാദേശിക ഭാഷകൾ ശക്തിയാർജിച്ചുവരികയാണ്. സാഹിത്യത്തിൽ പുതിയ നിലവാരങ്ങൾ സ്വീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. നമ്മുടെ സമൂഹത്തിൽ ലൈംഗികബന്ധങ്ങളെ സംബന്ധിച്ച സ്വതന്ത്രചർച്ച നിഷിദ്ധമല്ല. ഇതിനർത്ഥം, പ്രകടമായും അശ്ലീലമായ വർണ്ണനകൾ ആവാമെന്നല്ല എന്നും പ്രസ്സ് കൗൺസിൽ ചൂണ്ടിക്കാണിച്ചു.

ഏതായാലും, ശ്രീ പമ്മന്റെ നോവലിനെ സംബന്ധിച്ച ആക്ഷേപം പ്രസ്സ് കൗൺസിൽ തള്ളിക്കളയുകയാണുണ്ടായത്.

അശ്ലീല പ്രസിദ്ധീകരണങ്ങൾ തടയണമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നവർക്ക് ഇതിൽനിന്നു പല പാഠങ്ങളും പഠിക്കാനുണ്ട്.

1. അശ്ലീലം എന്തെന്നതു സംബന്ധിച്ച് വ്യക്തമായ ധാരണ അവർക്കു വേണം. തർക്കവിഷയമായ കൃതി, അതു വായിക്കാനിടയുള്ളവരുടെ, പ്രത്യേകിച്ചും ചെറുപ്പക്കാരുടെ മനസ്സിനെ ദുഷിപ്പിക്കുമോ എന്നും, കാമോത്തേജകമാംവണ്ണം സ്ഥൂലമാണോ അതിലെ പ്രതിപാദനമെന്നും ആണ് മുഖ്യമായി ആലോചിക്കാനുള്ളതു്.

2. ഒരു കൃതി അശ്ലീലമോ എന്നു ചിന്തിക്കുമ്പോൾ, ആ കൃതിയുടെ ആകെക്കൂടിയുള്ള പ്രഭാവം പരിഗണിക്കണം.

3. അശ്ലീല പ്രചാരണ നിരോധനത്തിനുള്ള പ്രവർത്തനം കൂടുതൽ സഫലമായി നടത്താനുള്ള സാധ്യത വ്യക്തികളെക്കാളേറെ ഉത്തരവാദപ്പെട്ട സംഘടനകൾക്കാണുള്ളതു്.

4. പ്രസ്സ് കൗൺസിലിൽ ഇത്തരം ആക്ഷേപങ്ങൾ ഉന്നയിക്കുന്നവർ, ഒരു തീരുമാനം ഉണ്ടാവുംവരെ തങ്ങളുടെ പ്രവർത്തനം തുടർന്നു നടത്താൻ തയ്യാറാവണം.

അശ്ലീലപ്രചാരണം ഒരു കുററമാകയാൽ, സാധാരണ കോടതികൾവഴിക്കും ഇതിനെതിരെ നടപടികളെടുക്കാം. പക്ഷേ, ചെലവും കാലതാമസവും ആലോചിക്കുമ്പോൾ ഈ മാർഗം സാധാരണക്കാർക്ക് ദുർഗമമായിരിക്കും. ആക്ഷേപക്കാർ പ്രസ്സ് കൗൺസിലിനെ സമീപിക്കുന്നതാണ് കൂടുതൽ പ്രായോഗികം.

25 ഒക്ടോബർ, 1981

# 58. സ്വാതന്ത്ര്യം പത്രത്തിനെതിരെ

പത്രസ്വാതന്ത്ര്യത്തെപ്പററി ധാരാളം എഴുതപ്പെട്ടിട്ടുണ്ട്. പത്രങ്ങൾക്കെതിരെ വ്യക്തികൾക്കുള്ള സ്വാതന്ത്ര്യത്തെപ്പററിയാണ് ഇവിടെ എഴുതുന്നത്.

പത്രങ്ങളുടെ കോപ്പികൾ പതിനായിരക്കണക്കിനും ലക്ഷക്കണക്കിനും വിററഴിയുന്നു. ലക്ഷക്കണക്കിനും ദശലക്ഷക്കണക്കിനും ആളുകൾ ഇവ വായിക്കുന്നു. അച്ചടിച്ചുകണ്ടതെല്ലാം സത്യമെന്നു കരുതുന്നവരാണ് വായനക്കാരിലധികവും. ഒരേ ആരോപണംതന്നെ, മാറിയും മറിച്ചും, ദിവസേന ആവർത്തിക്കാൻ പത്രങ്ങൾക്കു കഴിയുന്നു.

പത്രങ്ങളുടെ ശക്തി അപാരമാണ്. തങ്ങൾക്കു വിരോധം തോന്നുന്ന വ്യക്തികളുടെ സല്പേര് എന്നന്നേക്കുമായി നശിപ്പിക്കാനും, അവരുടെ ജീവിതം ദുരിതപൂർണവും ഭാവി അന്ധകാരമയവും ആക്കാനും പത്രങ്ങൾക്കു സാധിക്കും.

കരുതിക്കൂട്ടിയല്ലെങ്കിൽത്തന്നെ, പത്രങ്ങൾ വ്യക്തികളെ പരമാവധി ദ്രോഹിച്ചുവെന്നുവരും, ഒരു വാർത്താലേഖകൻെറയോ മുഖപ്രസംഗകൻെറയോ നിരൂപകൻെറയോ താത്ക്കാലികമായ മാനസികക്ഷോഭം, അവരുടെ വിമർശനങ്ങൾക്കു വിധേയരാകുന്ന വ്യക്തികൾക്കു ശാശ്വതമായ മനോവേദന വരുത്തിവെക്കുന്നതു് അപൂർവമല്ല.

പത്രത്തിനെതിരെ വ്യക്തിക്കു് കോടതിയുടെ സഹായം തേടാമെന്നതു ശരിയാണ്. പക്ഷേ, ഇതു് എളുപ്പമായ മാർഗമല്ല. കോടതിനടപടികൾക്കുവേണ്ടിവരുന്ന ഭീമമായ ചെലവും കാലതാമസവും അഗണ്യമാക്കിയാൽത്തന്നെ, പത്രത്തിനെതിരായി ഒരു വിധി സമ്പാദിക്കുക പലപ്പോഴും എളുപ്പമല്ല. മാത്രമല്ല, ഏതു് ഒഴിവാക്കാൻ വ്യക്തി ആഗ്രഹിക്കുന്നുവോ, ആ ദുഷ്പ്രവാദപ്രചാരണം കോടതിനടപടികൾമൂലം അധികമാകാനും സാദ്ധ്യതയുണ്ട്.

അതിനാൽ, പത്രങ്ങളുടെ വിമർശനങ്ങൾക്കു വിധേയരാവുന്ന വ്യക്തികൾ തങ്ങളുടെ പരുക്കുകൾ തലോടി മിണ്ടാതിരിക്കുകയാണ് സാധാരണ പതിവ്.

ആക്ഷേപിക്കപ്പെട്ട വ്യക്തികൾക്കു് 'മറുപടിക്കുള്ള അവകാശം' പത്രപ്രവർത്തനത്തിൻെറ ഒരു മൗലിക ഘടകമാകുന്നു.

തന്നെപ്പററി തെററായ ആരോപണങ്ങളോ ആക്ഷേപങ്ങളോ വിവരങ്ങളോ പത്രത്തിൽ വരുമ്പോൾ, വ്യക്തിക്കു് അവയെ നിഷേധിച്ചുകൊണ്ടു് പത്രാധിപർക്കെഴുതാം. ആരോപണത്തിനു നൽകിയത്രതന്നെ പ്രാമുഖ്യം നൽകി ഈ മറുപടി പ്രസിദ്ധീകരിക്കേണ്ടതു് പത്രാധിപരുടെ ധർമമത്രേ.

പത്രാധിപർ ഈ ധർമം നിറവേററുന്നില്ലെങ്കിൽ, ആക്ഷേപമുള്ളവർക്കു് ദൽഹിയിലെ 'പ്രസ്സ് കൗൺസിൽ ഓഫ് ഇന്ത്യ'യിൽ പരാതി ബോധിപ്പിക്കാം. പ്രസ്സ് കൗൺസിൽ ഇത്തരം പരാതികളെപ്പററി അന്വേഷിക്കുകയും, തെററു ചെയ്തതായി ബോദ്ധ്യപ്പെട്ടാൽ പത്രത്തിനെതിരെ